## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3115

18.06.2019- ൽ
മറുപടിയ്ക്ക്

## എസ്.ടി. കോളനി നിവാസികൾക്ക് വീട് കെട്ടുന്നതിനായി ഭൂമി

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക ചെമ്പക്കാട് എസ്.ടി. കോളനി നിവാസികൾക്ക് വീട് കെട്ടുന്നതിനായി ബേഡഡുക്ക വില്ലേജിൽ കോളനിക്കടുത്തുള്ള ഒരേക്കർ ഭൂമി എസ്.ടി. വകുപ്പിന് നൽകുന്നതിനുള്ള ഫയലിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;<br><br>(ബി) മേൽഭൂമിക്ക് അവകാശം ഉന്നയിച്ച വ്യക്തി രേഖ ഹാജരാക്കാത്ത സാഹചര്യത്തിൽ ഈ ഭൂമി വീടില്ലാത്ത ചെമ്പക്കാട് എസ്.ടി. കോളനി നിവാസികൾക്ക് നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | എ)<br>&<br>(ബി) | കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക ചെമ്പക്കാട് എസ്.ടി കോളനി നിവാസികൾക്ക് വീട് കെട്ടുന്നതിനായി കണ്ടെത്തിയ ബേഡഡുക്ക വില്ലേജിൽ കോളനിക്കടുത്തുള്ള 1 ഏക്കർ ഭൂമി ശ്രീമതി.പൊള്ളാച്ചി, W/o.അമ്പാടി, ശ്രീ.അബ്ദുൾ റഹ്മാൻ, S/o.അണ്ണുണി ബിയറി എന്നവർക്ക് പതിച്ച് കൊടുക്കുന്നതിനായി എൽ.എ-84/84/ബേഡഡുക്ക നമ്പറായി ഓർഡർ ഓഫ് അസൈൻമെന്റ് നൽകിയിരുന്നതാണ്. എന്നാൽ ടിയാളുകൾ ടി സ്ഥലം കൈവശം വയ്ക്കാത്തതിനാലും ടിയാളുകളോ ഇവരുടെ അനന്തരാവകാശികളോ ബേഡഡുക്ക വില്ലേജ് പരിധിയിൽ താമസമില്ലാത്തതിനാലും ഓർഡർ ഓഫ് അസൈൻമെന്റ് റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി ഓർഡർ ഓഫ് അസൈൻമെന്റ് റദ്ദ് ചെയ്ത് ശേഷം അർത്ഥനക്കനുസരിച്ച് എസ്.ടി വകുപ്പിന് ഭൂമി കൈമാറുന്നതിന്/ഭൂരഹിതരായ കോളനി നിവാസികൾക്ക് ഭൂമി പതിച്ച് നൽകുന്നതിന് - ഉള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ